# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1850** — **04-12-2018 ൽ മറുപടിയ്ക്ക്**

## ജനറൽ മാനേജർ നിയമന പരസ്യം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>,, ഷാഫി പറമ്പിൽ<br>,, അനൂപ് ജേക്കബ്<br>,, ഐ.സി.ബാലകൃഷ്ണൻ | | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേക്ക് 2016-ൽ അപേക്ഷ ക്ഷണിച്ചിരുന്നോ; | (എ) | 25.08.2016 ന് ജനറൽ മാനേജർ തുടങ്ങി ഡ്രൈവർ കം പ്യൂൺ വരെ 8 തസ്തികകളിലേക്ക് ഒരുമിച്ച് അപേക്ഷ ക്ഷണിച്ചിരുന്നു. |
| (ബി) | ഇതു സംബന്ധിച്ച പരസ്യം ഏതൊക്കെ പത്രങ്ങളിലാണ് നൽകിയത്; | (ബി) & (സി) | പത്രപരസ്യം നൽകിയിട്ടില്ല. എന്നാൽ കോർപ്പറേഷന്റെ വെബ്സൈറ്റിൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും എല്ലാ പത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതിന് പബ്ലിക് റിലേക്ഷൻസ് വകുപ്പ് മുഖേന പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കോർപ്പറേഷന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നത് ഒഴിവാക്കാനാണ് ഇങ്ങനെ ചെയ്തത്. |
| (സി) | പത്ര പരസ്യം നൽകാതെ മറ്റ് ഏതെങ്കിലും വിധത്തിലാണ് അറിയിപ്പ് നൽകിയതെങ്കിൽ അതിനുള്ളപ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ